(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

(1) 2003-ലെ കേരള പബ്ലിക് സർവ്വീസസ് പട്ടികജാതി/പട്ടിക വർഗ്ഗ മറ്റു പിന്നോക്ക വിഭാഗ സംവരണ ബിൽ

(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി നോട്ടീസ് നൽകിയത്) (ചർച്ച തുടർച്ച)

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: (തുടർച്ച) സർ, കേരളത്തിലെ എസ്.സി.-ക്കും എസ്.ടി.-ക്കും പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം വ്യവസ്ഥ ചെയ്യുന്നതിന് ഒരു ആക്ട് നിലവിലില്ല. KS & SSR 14 മുതൽ 17 വരെയുള്ള റൂളുകൾ അനുസരിച്ചാണ് ഇപ്പോൾ ഇവിടെ പബ്ലിക് സർവ്വീസ് കമ്മീഷനിൽ സംവരണം വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതു കൊണ്ടുതന്നെയാണ് സംവരണം ഉണ്ടായിട്ടും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പ്രാതിനിധ്യ കുറവിന്റെ പേരിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തേണ്ടി വരുന്നത്. അതു പോലെതന്നെയാണ് പിന്നോക്ക വർഗ്ഗക്കാർക്കും സർവ്വീസിൽ സംവരണം വ്യവസ്ഥ ചെയ്തതുപോലെയുള്ള പ്രാതിനിധ്യം ലഭിക്കാത്തതിന്റെ പേരിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വേണമെന്ന് സഭയിലെ എല്ലാവരും ആവശ്യപ്പെടുന്നത്. നമ്മൾ കൊണ്ടുവന്നപ്പോൾ എല്ലാവരും ഇതിന് ആവശ്യപ്പെട്ടിട്ടുണ്ട്. നമുക്ക് മനസ്സിലാക്കുവാൻ കഴിയാവുന്ന ഒരു വസ്തുത ഇവിടെ റൂൾപ്രകാരം സംവരണം നടപ്പിലാക്കിയിട്ടും അത് ആരെ ഉദ്ദേശിച്ചാണ് നടപ്പിലാക്കിയത് അവർക്ക് സർവ്വീസിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ഈ സംവരണം നടപ്പിലാകുന്നത് ഇവർ ഭരണത്തിൽനിന്ന് അധികാര മേഖലകളിൽനിന്ന് ആട്ടി അകറ്റപ്പെട്ട പിന്നോക്ക ജനവിഭാഗങ്ങൾക്ക് അധികാരത്തിൽ പങ്കുനൽകുക എന്ന ഒരു ലക്ഷ്യംകൂടി വച്ചു കൊണ്ടാണ്. പക്ഷേ അധികാരത്തിന്റെ ഉന്നതതലങ്ങളിൽ, താഴ്ന്ന തലങ്ങളിൽ ഇവരുടെ പ്രാതിനിധ്യം, സംവരണം വ്യവസ്ഥ ചെയ്യപ്പെട്ട പ്രകാരം നൽകുന്നില്ല എന്നുള്ളതാണ് വസ്തുത. മാത്രമല്ല വ്യാപകമായ രീതിയിൽ സംവരണം ഇവിടെ അട്ടിമറിക്കപ്പെടുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ ഈ ബില്ല് വളരെ കാലിക പ്രാധാന്യം ഉള്ളതാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം പിന്നോക്കക്കാർക്ക് പതിനെട്ടായിരത്തോളം പോസ്റ്റ് അർഹതപ്പെട്ടത് ഇതുവരെ സംവരണം നിറവേറ്റിയിട്ടില്ല. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന്റെ കണക്ക് കിട്ടിയിട്ടില്ല. പൊതുമേഖലാസ്ഥാപനങ്ങളിലേയും അതുപോലെതന്നെ സർവ്വീസ് മേഖലയിലെയും കണക്ക് പരിശോധിക്കുമ്പോൾ ഏഴ് ശതമാനം മാത്രമേ പട്ടികജാതി പട്ടിക വർഗ്ഗക്കാരുടേത് contemplate ചെയ്തിട്ടുള്ളു. ഹയർപോസ്റ്റിലുള്ളത് പലതും vacant ആണ്. ഭരണഘടനാപരമായിട്ടുള്ള പിൻബലവും Subordinate Service Rules-ഉം ഉണ്ടായിട്ടുപോലും ഇത് കൊടുക്കാത്ത സാഹചര്യത്തിൽ വളരെ കാലിക പ്രസക്തിയുള്ള ഒരു ബിൽ എന്നുള്ള നിലയിൽ ആ ബില്ലിന്റെ അവതരണത്തിനുശേഷം ഇത് വോട്ടിനിട്ടാൽ ഈ ബില്ലിന്റെ കൂടെ ബഹുമാനപ്പെട്ട മെമ്പറും മെമ്പറുടെ പാർട്ടിയും തന്റേടത്തോടെ ഉറച്ചു നിൽക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ആവശ്യങ്ങളിൽ ഞങ്ങൾ ഉറച്ചുതന്നെ നിൽക്കും. ബില്ല് പാസ്സാക്കുന്നതിലും മറ്റുമൊക്കെ സാങ്കേതികമായ പല പ്രശ്നങ്ങളുണ്ട്. അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആളുകളും കഴിഞ്ഞ തവണ ഇതുപോലുള്ള വിഷയങ്ങൾ കൊണ്ടുവന്നപ്പോൾ ഭരണ രംഗത്തു നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പിൻവലിക്കലും, ഞങ്ങൾ കയ്യടിക്കുകയും പരിഹസിക്കുകയും ചെയ്യാറില്ല. ഇവിടെ നടക്കാറുള്ളതിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കണ്ട.എനിക്ക് പറയാനുള്ള ഒരു കാര്യം, ഇതനുസരിച്ച് ഇതുപോലുള്ള ഒരു ബില്ല്, യു.പി. മോഡലിലുള്ള ഒരു ബില്ല് കൊണ്ടുവരുമെന്ന് ഈ ബില്ല് അവതരിപ്പിച്ച വേളയിൽ ബഹുമാനപ്പെട്ട എം. എം. ഹസ്സൻ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറയണം.

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: ഞാൻ പാടുകയല്ല, പറയുകയാണ് സർ. ഇവിടെ സംവരണം അട്ടിമറിക്കപ്പെടുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇതിൽ ആർക്കും സംശയ മില്ല. മാത്രമല്ല, ഏറ്റവും കൂടുതൽ അതിന്റെ പീഡനം അനുഭവിക്കുന്നത് എന്റെ സുഹൃത്ത് ശ്രീ. എ. കെ. ബാലൻ ചൂണ്ടിക്കാണിച്ചതുപോലെ എസ്.സി./എസ്.ടി.-ക്കാരാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി അവകാശങ്ങൾ കിട്ടുന്നതിനു വേണ്ടിയുള്ള ഒരു പോരാട്ടത്തിന്റെ ഭാഗമായിട്ടാണ് ബില്ല് അവതരിപ്പിച്ചത്. ഇന്ന് ഈ ഒരാഴ്ചക്കാലം ലോക മുലയൂട്ടൽ ദിനമായി ആചരിക്കുകയാണ്. കുട്ടികൾക്കു പോലും അമ്മമാർ മുലകൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവരെ ബോധ്യപ്പെടുത്തുന്ന കാലഘട്ടമാണെന്ന് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: സർ, മുലകുടിക്കുന്ന കാലം കഴിഞ്ഞുപോയി.

ശ്രീ. പി. ജയരാജൻ: ശ്രീ. എ. കെ. ബാലൻ ചോദിച്ച ചോദ്യത്തിന് അങ്ങ് സാങ്കേതിക തടസ്സമുണ്ടെന്നാണ് പറഞ്ഞത്. പക്ഷേ രാഷ്ട്രീയമായ തടസ്സത്തെക്കുറിച്ച് അങ്ങ് എന്താണ് പറയാത്തത്? ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള വളരെ പ്രസക്ത മായിട്ടുള്ള ഒരു ഭാഗമുണ്ട്. ചില പിന്നോക്ക വിഭാഗങ്ങൾക്ക് അധികാരത്തിൽ പങ്കു കിട്ടി എന്നുള്ളത് യാഥാർത്ഥ്യമാണെങ്കിലും അതേ കാരണത്താൽ പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം സർക്കാർ സർവ്വീസിൽ നിഷേധിക്കുന്നത് ശരിയല്ല എന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യൂനപക്ഷ പ്രശ്നത്തിൽ എടുത്തിട്ടുള്ള നിലപാട് ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാ ക്കുന്നതുമായിക്കൂടി ബന്ധപ്പെട്ടുകൊണ്ടാണ്. അപ്പോൾ രാഷ്ട്രീയമായിട്ടുള്ള പ്രശ്നവുമുണ്ട്. സംവരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇത് ഒരു വിവാദമാക്കുവാൻ ഞാൻ ഉദ്ദേശി ക്കുന്നില്ല. നിങ്ങൾക്ക് രാഷ്ട്രീയമായ ഒരു ആദർശവും പ്രധാനമായി ഇല്ല. എന്തു പറഞ്ഞാലും ബിരിയാണിയെക്കുറിച്ചാണ്. ഞങ്ങൾ ഇപ്പോൾ ബിരിയാണി കഴിക്കാറില്ല. ഞങ്ങളുടെ പാർട്ടിയിൽ ഇപ്പോൾ മീറ്റിംഗ് കഴിഞ്ഞാൽ ബിരിയാണിയല്ല കഴിക്കാറ്. നിങ്ങൾക്ക് ബിരിയാണിയോട് മോഹമുണ്ടെങ്കിൽ നിങ്ങൾക്ക് ഞാൻ ബിരിയാണി വാങ്ങിത്തരാം. കുറെ ക്കാലമായി ശ്രീ. ദേവകുമാറുമൊക്കെ ബിരിയാണി വേണമെന്നു പറയുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ബിരിയാണിയോട് മാർക്സിസ്റ്റുകാർക്ക് വല്ല വൈകാരികമായ ബന്ധവും ഉള്ളതായി അങ്ങേയ്ക്ക് വല്ല സംശയവുമുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: ബിരിയാണി വേണം വേണം എന്നുള്ള ആഗ്രഹം അവരുടെ അബോധ മനസ്സിൽക്കിടന്ന് വലിക്കുന്നതുകൊണ്ടാണ് ഇങ്ങനെയുള്ള വാക്കു കളായി രൂപപ്പെടുന്നത്. ബഹുമാനപ്പെട്ട ജയരാജൻ പറഞ്ഞ കാര്യങ്ങൾക്ക് ഞാൻ വ്യക്ത മായി മറുപടി പറയുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് സംവരണം നടപ്പാക്കണമെന്നുള്ള ഉദ്ദേശവുമായാണ് ഈ ബില്ല് കൊണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുസ്ലീംലീഗിന്റെ മഹനീയനായ നേതാവ് സി. എച്ച്. മുഹമ്മദ്കോയ മുമ്പ് പറഞ്ഞിട്ടുണ്ട്. മുസ്ലീംലീഗുമായി കൂട്ടുകെട്ടുമ്പോൾ സഹന ശക്തി മാത്രം പോരാ, ദഹന ശക്തിയുംകൂടി വേണം. അത് ബിരിയാണികൂടി കണ്ടു കൊണ്ടാണ് എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കുട്ടി അഹമ്മദ്കുട്ടി: ആതിഥ്യ മര്യാദയുള്ളവരാണ് മുസ്ലീംലീഗുകാർ. ഞങ്ങളുടെ ആതിഥ്യ മര്യാദയുടെ എല്ലാ മാധുര്യവും അനുഭവിച്ചവരാണ് മാർക്സിസ്റ്റുകാർ എന്നുള്ള കാര്യം ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ശ്രീ. കോടിയേരി പറഞ്ഞത് ശരിയാണ്. മാർക്സിസ്റ്റു പാർട്ടിയുമായി കൂട്ടുകൂടിയപ്പോഴാണ് അദ്ദേഹം പറഞ്ഞത്. മാർക്സിസ്റ്റ് പാർട്ടിയുമായി കൂട്ടുകൂടണമെങ്കിൽ ദഹനശക്തി മാത്രം പോരാ, സഹനശക്തി കൂടെ വേണമെന്ന്. അങ്ങനെ പറഞ്ഞതിനെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ദുർവ്യാഖ്യാനം ചെയ്തതാണെന്ന് അങ്ങേയ്ക്ക് മനസ്സിലായോ?

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: ഇവിടെ രാഷ്ട്രീയമായി ഇതൊക്കെ മുതലെടുക്കാൻ ശ്രമിക്കുന്നുണ്ട്. എന്തെക്കൊണ്ട് രാഷ്ട്രീയം പറയിക്കേണ്ട. കാരണം എന്റെ കയ്യിൽ കടലാസുണ്ട്. നിങ്ങളുടെ പഴയ കാലത്തെ ഭരണപരിഷ്ക്കാര കമ്മിറ്റിയിൽ നിങ്ങളുടെ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇ. എം. എസ്. എടുത്ത സ്റ്റാൻഡൊക്കെ എന്റെ കയ്യിലുണ്ട്. അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. നിങ്ങളുടെ രാഷ്ട്രീയ പാർട്ടിയിൽ നിന്ന് അവർണ്ണനായതുകൊണ്ടാണ് ബഹുമാനപ്പെട്ട അച്യുതാനന്ദനെ മാരാരിക്കുളത്ത് തോൽപ്പിച്ചത്. സവർണ്ണയല്ലാത്തതുകൊണ്ടാണ് ശ്രീമതി ഗൗരിയമ്മയെ പാർട്ടിയിൽ നിന്ന് പുറത്താക്കിയത്. നിങ്ങളുടെ പാർട്ടിയിൽ ഏതു കാലത്തും അവർണ്ണർക്ക് എതിരായിട്ടുള്ള സമീപനമായിരുന്നു. അതിന്റെ എല്ലാ റിക്കാർഡുകളും 'ബ്രാഹ്മിൻ കമ്മ്യൂണിസം' എന്ന് മുദ്ര കുത്തിയതിനെ പറ്റിയുള്ള പുസ്തകങ്ങളും രേഖകളും എന്റെ കയ്യിലുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എനിക്ക് പറയാനുള്ളത് ഇവിടെ സംവരണം ബോധപൂർവ്വം അട്ടിമറിക്കുന്നു. അതിൽ ഏറ്റവും വലിയ പീഡനം ഏറ്റുവാങ്ങേണ്ടിവരുന്നത് S.C./S.T. ക്കാരാണ്. എന്താണ് S.C.-യുടെ സ്ഥിതി. പലപ്പോഴും അവർക്ക് അനുകൂലമായ നിയമങ്ങൾ ഉണ്ടായാൽപോലും അത് നടപ്പാക്കാൻ തയ്യാറാകാറില്ല. ഈ സഭയിൽത്തന്നെ ഒരു ക്രമപ്രശ്നത്തിലൂടെ ഞാനത് ഉന്നയിക്കുകയുണ്ടായി. 1984-ൽ Special Component Plan പ്രകാരം S.C./S.T. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പ്രത്യേകമായി സർവ്വേയർ ട്രെയിനിംഗ് നൽകി. അതിനുള്ള സംഖ്യയും ബഡ്ജറ്റിൽ അലോട്ട് ചെയ്തു. ആ പദ്ധതി നടപ്പാക്കി. അതിനുശേഷം ഗവൺമെന്റ് തീരുമാനമെടുത്തു, ഈ സർവേയർ ട്രെയിനിംഗ് പൂർത്തിയായി വരുന്നവർക്ക് അസി. സർവേയറായി നിയമിക്കാനുള്ള യോഗ്യതയായി പരിഗണിക്കണമെന്ന്. പക്ഷെ, 1997 വരെ അതിനുള്ള സ്പെഷ്യൽ റൂൾസിൽ അമെന്റ് മെന്റ് വന്നില്ല. 1997-ൽ സ്പെഷ്യൽ റൂൾസിൽ അമെന്റ് മെന്റ് വന്നുവെങ്കിലും അത് നിയമസഭയിൽ വച്ചില്ല. ഇവിടെ മനസ്സിലാക്കേണ്ട കാര്യം S.C./S.T. വിഭാഗത്തിൽപ്പെടുന്ന കുറെ ആളുകളെ ഗവൺമെന്റ് സർവ്വീസിലേയ്ക്ക് നിയമിക്കപ്പെടാൻ വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തപ്പോൾ ആരോ അണിയറയിലിരുന്ന് അവർ കടന്നുവരരുത് എന്നുകരുതി കാര്യങ്ങൾ നീക്കിയിരുന്നു എന്നതാണ്. അവിടെ നിഗൂഢമായ ചില ശ്രമങ്ങൾ നടന്നു. ഇത് വളരെ ഗൗരവമായി കാണേണ്ടതാണ്. സർക്കാർ മിഷ്ണറിയിൽ ആരൊക്കെയോ ഇരുന്ന് പട്ടികജാതി പട്ടിക വിഭാഗത്തേയും മറ്റ് പിന്നോക്ക വർഗ്ഗക്കാരേയും ആട്ടിയകറ്റാനുള്ള ശ്രമങ്ങൾ നടത്തുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് കാണിക്കുന്നത്. അവർക്ക് ഏജ് ഓവർ ആകുന്നതുവരെ കെടുക്കാൻ സ്പെഷ്യൽ റൂൾസ് അമെന്റ് ചെയ്തില്ല. കഴിഞ്ഞ ദിവസമാണ് നിയമസഭയിൽ പിന്നോക്ക ക്ഷേമ സമിതിയുടെ റിപ്പോർട്ട് ഞാൻ വച്ചത്. അതിൽ കുർബ സമുദായത്തെ പിന്നോക്ക സമുദായമായി അംഗീകരിക്കുന്ന ഒരു തീരുമാനം ഗവൺമെന്റെടുത്തു. അതുതന്നെ അവരുടെ നിരന്തരമായ അപേക്ഷയെ തുടർന്ന് കിർത്താഡ്സ് വിശദമായി മുടിനാരിഴ കീറി പരിശോധിച്ച ശേഷമാണ് കുർബ സമുദായത്തെ പിന്നോക്ക സമുദായമായി നിശ്ചയിക്കുന്നത്. അവരുടെ തീരുമാനപ്രകാരം ഗവൺമെന്റ് അത് അംഗീകരിച്ചു, പക്ഷെ, സ്പെഷ്യൽ റൂൾസ് അമെന്റ് ചെയ്യാൻ 5 വർഷമെടുത്തു. ഈ 5 വർഷം അവർ എന്തുചെയ്യുകയായിരുന്നു എന്നതിനുള്ള മറുപടി ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. വളരെ പരിഹാസ്യമായ നടപടിക്രമങ്ങളിലൂടെ സാങ്കേതിക നൂലാമാലകളിലൂടെ കടത്തിവിട്ട് ഈ 5 വർഷം താമസിപ്പിക്കുകയായിരുന്നു. ഈ 5 വർഷത്തിനിടയിൽ എത്രയോ ആളുകൾക്ക് സ്വാഭാവികമായും കിട്ടേണ്ട അവസരം അവരുടേതല്ലാത്ത കുറ്റംകൊണ്ട് നിഷേധിക്കപ്പെട്ടു. ഇത് ഗൗരവമായി കാണണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഇതൊക്കെ നടക്കുന്നത്.....

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ:</u> ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വിശദീകരിക്കുന്നത് അർഹമായ സംവരണാനുകൂല്യങ്ങൾ അട്ടിമറിക്കുന്നതു സംബന്ധിച്ചാണ്. അതിന് പരിഹാരം കണ്ടെത്തുക എന്നുള്ള ലക്ഷ്യമാണ് അങ്ങിവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലും ഉൾക്കൊള്ളുന്നത്. സമൂഹത്തിൽ വളരെയേറെ പിന്നോക്കം നിൽക്കുന്ന പിന്നോക്ക സമുദായത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും അങ്ങയുടെ ബില്ല് വളരെ സഹായകരമാണ്. ഞാനിവിടെ ഉന്നയിക്കുന്ന സംശയം ഈ പിന്നോക്ക സമുദായത്തിൽപ്പെട്ട സംവരണാനുകൂല്യത്തിന് അർഹരായ മുഴുവൻ ആളുകൾക്കും അവർക്ക് അർഹതപ്പെട്ടത് ലഭിക്കുന്നതോടൊപ്പംതന്നെ ജനനംകൊണ്ട് മുന്നോക്ക സമുദായത്തിൽപ്പെട്ടവരാണെങ്കിലും ജീവിക്കാൻ നിവൃത്തിയില്ലാത്ത നമ്പൂതിരിമാരും നായരും ആയിട്ടുള്ള മുന്നോക്ക സമുദായക്കാരുണ്ട്. അത്തരം ജനവിഭാഗങ്ങൾക്ക് സാമ്പത്തികമായി വളരെയേറെ പിന്നോക്കം നിൽക്കുന്ന ദരിദ്ര വിഭാഗത്തിൽപ്പെട്ട മുന്നോക്ക വിഭാഗത്തിന് ഒരു നിശ്ചിത ശതമാനം 10 ശതമാനമെങ്കിലും സംവരണം ലഭിക്കുന്നതിനെ സംബന്ധിച്ച് പിന്നോക്ക സമുദായത്തിന് ലഭിക്കേണ്ടുന്ന സംവരണം ഉറപ്പുനൽകിക്കൊണ്ടുതന്നെ അതിൽ ഇളവു വരുത്താതെ മുന്നോക്ക വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട വിഭാഗത്തിന് സംവരണം നൽകുന്നതു സംബന്ധിച്ച് ഉള്ള ബഹുമാനപ്പെട്ട മെമ്പറുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:</u> അതിലേയ്ക്ക് ഞാൻ കടന്നുവരണമെന്ന് ആഗ്രഹിച്ചതാണ്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുകൊണ്ട് ഒന്നു രണ്ടു കാര്യങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. സാമ്പത്തിക സംവരണം ഭരണഘടനാവിരുദ്ധമാണ് എന്നാണ് എന്റെ അഭിപ്രായം. നമ്മുടെ ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത് സംവരണം ആർക്കാണെന്നു പറഞ്ഞാൽ സർവ്വീസിൽ adequate representation ഇല്ലാത്തവർക്കാണ്, സാമൂഹ്യമായ അവശതയിൽനിന്ന് കരകയറ്റുന്നതിനു വേണ്ടിയാണ്. അതിനു പകരം സാമ്പത്തിക സംവരണം എന്നത് കേൾക്കാൻ മോഹന സുന്ദരമാണ്; അത് വളരെ സുഖമുള്ള ഒരു വാദമാണ്. യുക്തിയുക്തവുമാണ്. പക്ഷെ, ഭരണഘടന അതിന് അനുവദിക്കുന്നില്ല. എനിക്ക് അതിൽ പറയാനുള്ളത് മുന്നോക്കക്കാരിൽ സാമ്പത്തികമായി അവശത അനുഭവിക്കുന്നവരുടെ സ്ഥിതി കഷ്ടമാണെന്നു തന്നെയാണ് ഞങ്ങൾ കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കക്കാരന്റെ പ്രശ്നം അവിടെ നിൽക്കട്ടെ. അങ്ങയുടെ ബില്ലിൽ പറയുന്നത് പട്ടിക ജാതി, പട്ടിക വർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്ക് ഉള്ള സംവരണമാണ്. അങ്ങ് മുസ്ലീംലീഗിന്റെ ഒരു താത്വകാചാര്യനാണ്. മുസ്ലീംലീഗ് ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണ് തിങ്കളാഴ്ച അവതരിപ്പിക്കാൻ പോകുന്ന യൂണിവേഴ്സിറ്റി ബിൽ. കേരളത്തിലെ ഒറ്റ കോളേജിലും ഒരു പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ അദ്ധ്യാപകനില്ല. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ മുമ്പ് പൈലറ്റ് ചെയ്യാൻ ശ്രമിച്ച സർക്കുലേറ്റു ചെയ്ത, സെലക്ടു കമ്മിറ്റിക്കു വിട്ട ബില്ലിൽ ഈ സ്ഥാപനങ്ങളിലുള്ള നിയമനങ്ങളിൽ സംവരണം വേണമെന്നുണ്ടായിരുന്നു. ഇപ്പോൾ അവതരിപ്പിക്കുന്ന ബില്ലിൽ ആ സംവരണം സംബന്ധിച്ച് അനങ്ങുന്നില്ല. മുസ്ലീംലീഗിന് വന്നിട്ടുള്ള മാറ്റം ആണോ, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിൽനിന്ന് ശ്രീ. സൂപ്പിയിലേയ്ക്ക് എത്തിയപ്പോൾ വന്ന ഈ മാറ്റം, സംവരണത്തെക്കുറിച്ച് നിങ്ങൾ നടത്തുന്ന പ്രചാരവേല തനി തട്ടിപ്പാണെന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ.

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞപോലെ ഞാനൊരു താത്വകാചാര്യനല്ല. ലീഗിലെ ഒരു സാധാരണ അംഗമാണ്. താത്വകാചാര്യനെന്ന് അങ്ങ് പറഞ്ഞതിൽ നന്ദിയുണ്ട്. ഇവിടെ പറഞ്ഞ ഒരു കാര്യം എന്റെ നേതാവ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ കഴിഞ്ഞ പ്രാവശ്യം ഇങ്ങനെ ഒരു ബിൽ അവതരിപ്പിച്ചു. ആ ബില്ല് പാസ്സാക്കാതിരിക്കാൻ സർവ്വവിധ അടവും പയറ്റിയത് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പാർട്ടിയാണ്. ഇങ്ങനെ ഒരു വകുപ്പ് ഉണ്ടായതിന്റെ പേരിൽ പാസ്സാക്കാൻ അനുവദിക്കാതിരുന്നതാണെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. പക്ഷെ, നമുക്ക് ഒരു കാര്യം പരിശോധിക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം എസ്.സി.-ക്കാരുടേയും, എസ്.ടി.-ക്കാരുടേയും സംവരണം ഭരണഘടനാപരമായി വ്യവസ്ഥ ചെയ്യപ്പെട്ടതാണ്. നമ്മളിവിടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. അവരുടെ സ്ഥിതി ഇന്നും കഷ്ടമാണ്. അതാണ് ഞാൻ പറഞ്ഞത്, നമ്മുടെയൊക്കെ മനോഭാവം മാറ്റണം. ഏതെങ്കിലും ഒരു വകുപ്പിൽ കുറെ എസ്.സി. വിഭാഗക്കാർ വരുമ്പോൾ നമ്മുടെയൊക്കെ വിചാരം എന്താണ്. നമ്മളിൽ പലരും പറയാറുണ്ട് അത് മുഴുവൻ എസ്.സി.-ക്കാരാണെന്ന്. വളരെ പുച്ഛത്തോടുകൂടിയാണ് പറയുന്നത്. നമുക്ക് ഇത് അനുവദിക്കാൻ കഴിയുന്നില്ല. നമ്മുടെ സമൂഹത്തിൽ ഇപ്പോഴും അവരോടുള്ള മനോഭാവത്തിന് മാറ്റം വരുത്താൻ കഴിഞ്ഞിട്ടില്ല. അതിൽ മാറ്റം വരണം. സാമൂഹ്യമായ മനോഭാവം മാറ്റുന്നതിന് നമ്മൊളൊന്നിച്ച് പ്രവർത്തിക്കണം. മാർക്സിസ്റ്റ് പാർട്ടിക്ക് അതിൽ റോളുണ്ട്. നമുക്ക് റോളുണ്ട്. അതോടൊപ്പം പറയാനുള്ള മറ്റൊരു കാര്യം ഇവിടെ പലർക്കുവേണ്ടിയും പറയാൻ ആളില്ല. എസ്.സി.-ക്ക് പറയാൻ ആളില്ല. എസ്.ടി.-യുടെ സ്ഥിതി അതിനേക്കാൾ മോശമാണ്. അത് പറയാനുള്ള ഉത്തരവാദിത്വം മുസ്ലീംലീഗിനുണ്ടെന്ന് ഞങ്ങൾ കരുതുകയാണ്. അവരുടെയൊക്കെ കാര്യം പരിഹരിക്കാൻ ഞങ്ങളെക്കൊണ്ട് ശബ്ദം ഉയർത്താൻ കഴിയുന്നിടത്തോളം അവർക്കുവേണ്ടി ഞങ്ങൾ മുന്നോട്ടു വരും.

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ചോദിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പ്രത്യേകിച്ച് ഇത്തരം ഒരു ബില്ലിന്റെ വിശദമായ ചർച്ച നടക്കുമ്പോൾ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഉൾപ്പെടെ ഇതിനെക്കുറിച്ച് പറയണമെന്ന് ഉദ്ദേശിച്ചുകൊണ്ട് വീണ്ടും ചോദിക്കുകയാണ്, ഈ ബില്ലിൽ വന്ന വലിയൊരു മാറ്റമല്ലേ അത്? അത് സംബന്ധിച്ച് ഒന്നും പറയുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിക്കുന്നില്ല. രണ്ടാമത്തെ വിഷയം ഇവിടെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ, പ്രത്യേകിച്ച് രണ്ടു കോളേജുകൾ ഗവൺമെന്റിനെ വെല്ലുവിളിച്ചു. സുപ്രീംകോടതിയിൽ ഭരണഘടനാ ബഞ്ചിനുമേൽ കേസിലാണ്. വിധി വരുമ്പോൾ ബില്ല്, ചർച്ച, നിയമനിർമ്മാണം ഒക്കെ ആകും. പുഷ്പഗിരി, കോഴഞ്ചേരി ഈ രണ്ട് കോളേജുകളിലും കുട്ടികളുടെ സമ്പൂർണ്ണ ടെസ്റ്റു നടത്തി, അവരുടെ കയ്യിൽനിന്ന് ക്യാപ്പിറ്റേഷൻ ഫീസ് ഉൾപ്പെടെ വാങ്ങേണ്ടത് വാങ്ങിച്ചു. ആഗസ്റ്റ് 20-ാം തീയതി ഈ രണ്ട് മെഡിക്കൽ കോളേജിലും നൂറു ശതമാനം സീറ്റിൽ കുട്ടികളെ പ്രവേശിപ്പിച്ച് ക്ളാസ് തുടങ്ങുവാൻ പോകുന്നുവെന്ന് കുട്ടികളെ അറിയിച്ചുകഴിഞ്ഞു. നമ്മൾ ഇപ്പോഴും ഇവിടെയിരുന്ന് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ ചോദിക്കുന്നത് വ്യക്തതയോടുകൂടി നിങ്ങൾ പറയാനാണ്. ബിൽ ഇവിടെ സർക്കുലേറ്റ് ചെയ്തു, തിങ്കളാഴ്ച ചർച്ച ചെയ്യുവാൻ പോകുന്നുവെന്ന്. ചർച്ചയ്ക്ക് വരുന്നതു സംബന്ധിച്ച് ചില തർക്കങ്ങൾ ഇവിടെ കേട്ടു. ചില ഗുരുതരമായ പ്രശ്നങ്ങൾ ഞങ്ങൾ ഉന്നയിച്ചു. ഇത് മറച്ചുവെച്ചുകൊണ്ട് ഇതുപോലൊരു പ്രധാനപ്പെട്ട വിഷയത്തിൽ മാറി നിൽക്കുന്നത് ശരിയാണോ? അങ്ങ് കാര്യങ്ങൾ പഠിച്ച് പറയുന്ന ആളായതുകൊണ്ട് പറയുകയാണ്, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഈ അവസരത്തിൽ സംസാരിക്കുന്നത് നന്നായിരിക്കും. വിശദീകരണം വേണം. അതു കൊണ്ടാണ് ആവർത്തിച്ച് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.എം. വി. ജയരാജൻ: പട്ടികജാതി/പട്ടിക വർഗ്ഗ മറ്റു പിന്നോക്ക വിഭാഗ സംവരണ പ്രശ്നങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന നയം എല്ലാ വിഭാഗത്തിന്റെയും സംവരണം ഇല്ലാതാക്കുന്നതാണ്. പൊതുമേഖലാ സ്വകാര്യ വൽക്കരണം, നിയമന നിരോധനം, തസ്തിക വെട്ടിക്കുറയ്ക്കൽ, സ്വാശ്രയ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നടത്തിപ്പ്...ഇതുമൂലം സംവരണംതന്നെ ഇല്ലാതാകുകയാണ്. ഉദാഹരണം, എഫ്.എ.സി.റ്റി. സ്വാകാര്യമേഖലയ്ക്കാണ് പോകുന്നതെങ്കിൽ അവിടെ നിലവിൽ അർഹതപ്പെട്ട സംവരണ ആനുകൂല്യങ്ങളാണ് ഇല്ലാതാകുന്നത്. ഭരണഘടനയിൽ സ്വകാര്യ മേഖലയിൽ സംവരണത്തിന് വ്യവസ്ഥയില്ല. അങ്ങനെ വരുമ്പോൾ ഈ നയം മാറ്റിയാലല്ലേ നമുക്ക് അർഹതപ്പെട്ട സംവരണം ലഭിക്കുകയുള്ളൂ; ഈ നയം മാറ്റാനുള്ള വ്യവസ്ഥകൂടി ഈ ബില്ലിൽ വേണ്ടേ?

ശ്രീ. സി. കെ. നാണു: വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നത്തെ സംബന്ധിച്ച ബിൽ, അതും അവതരിപ്പിക്കുന്നത് നമ്മുടെ സംസ്ഥാന പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ ചെയർമാനാണ്. ഞാൻ ചോദിക്കുന്നത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. ഇത് ചെറിയ രൂപത്തിൽ കാണാൻ സാധിക്കുകയില്ല. ഇൻഡ്യാ രാജ്യത്തിലെ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും സ്വാതന്ത്ര്യ സമരത്തിൽ ഇവിടെ നടന്ന സാമൂഹ്യ പരിഷ്ക്കാര പ്രവർത്തനങ്ങളുടെ ഫലമായി ഇൻഡ്യൻ ഭരണഘടന അംഗീകരിച്ച പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ ആനുകൂല്യത്തിൽ ഇരുപത്തിരണ്ടര ശതമാനത്തിൽ പന്ത്രണ്ട് ശതമാനം പോലും കേന്ദ്ര ഗവൺമെന്റിൽനിന്ന് കൊടുക്കുവാൻ സാധിച്ചിട്ടില്ല. പിന്നോക്ക വിഭാഗക്കാർക്ക് അർഹമായത് ഇവിടെ ലഭിക്കുന്നില്ല. ഇത് 1977-ലാണ് ഫലപ്രദമായത്. ഞാൻ ഇവിടെ പറയുന്നത് ചെറിയ പ്രശ്നം എന്ന നിലയിൽ കാണാതെ ഇന്നും ഇൻഡ്യാ രാജ്യത്തിലെ പട്ടികജാതി/പട്ടിക വർഗ്ഗ-പിന്നോക്കക്കാർ മുന്നോട്ടു വരാൻ ശ്രമിക്കുന്ന അവസരത്തിൽ ഓരോരോ പടിയായി അവരുടെ താല്പര്യങ്ങളെ തകർക്കുവാനുള്ള നടപടികളെ നേരിടാൻ എന്ത് ഫലപ്രദമായ പദ്ധതിയാണുള്ളത്? അതാണ് പ്രശ്നം.

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: ഇവിടത്തെ കാര്യങ്ങളൊക്കെ യൂണിവേഴ്സിറ്റി ബില്ലിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും. ഇവിടെ പറഞ്ഞു കൊണ്ടിരിക്കുന്നത്, എസ്.സി./എസ്.റ്റി.-യുടെ സ്ഥിതിയാണ്. എസ്.സി.-ക്കും എസ്.റ്റി.-ക്കും ഇവിടെ വ്യവസ്ഥചെയ്ത പ്രകാരമുള്ള പ്രാതിനിധ്യം സർവ്വീസിൽ നമുക്ക് ഉണ്ടാക്കി യെടുക്കുവാൻ കഴിയില്ല. ധനാഭ്യർത്ഥന ചർച്ചയിൽ ചൂണ്ടിക്കാണിച്ചതുപോലെ നമ്മൾ എന്തൊക്കെ ചെയ്തിട്ടും എസ്.സി.-യുടെ സാമ്പത്തിക വളർച്ച ഉണ്ടായിട്ടില്ല. അതു വീണ്ടും ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റ് ആ കാര്യത്തിൽ ശ്രദ്ധിക്കണം. കാസർകോടു മുതൽ പാറശ്ശാല വരെയുള്ള ഗ്രാമങ്ങളും നഗരങ്ങളും ഒക്കെ പരിശോധിച്ചു നോക്കിയാൽ വലിയൊരു സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ ഒരു പെട്ടിക്കടയുടെയോപോലും ഉടമസ്ഥനായി എസ്.സി.-യുടെ അധികം ആളുകളെ കാണാൻ കഴിയില്ല. പട്ടികജാതി/പട്ടിക വർഗ്ഗക്കാരോട് ഇത്രയേറെ സ്നേഹം കാണിക്കുകയും ധാരാളം പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടും ഇങ്ങനെയൊരു കച്ചവട സ്ഥാപനത്തിന്റെ ഉടമസ്ഥനാവാൻ അവർക്ക് കഴിയുന്നില്ല. സാമ്പത്തികമായി വളർന്നിട്ടില്ല. 50 സെന്റിലധികം ഭൂമിയുള്ള പട്ടികജാതി/ പട്ടിക വർഗ്ഗക്കാരെ നോക്കിയാൽ അധികമാരെയും കാണാനാവില്ല. വിരലിലെണ്ണാവുന്ന വരെയേ കാണാൻ കഴിയൂ എന്നാണ് എനിക്ക് പറയുവാനുള്ളത്. ഭൂപരിഷ്ക്കരണം നടത്തി. ഭൂപരിഷ്ക്കരണ നിയമംമൂലം എസ്.സി./എസ്.റ്റി. വിഭാഗക്കാർ ഭൂമിയുടെ ഉടമകളായി മാറിയില്ല. ഭൂപരിഷ്ക്കരണത്തെ സംബന്ധിച്ച് സാധാരണ പറയാറുള്ള ഒരു കമന്റുണ്ട്. വരമ്പിൽ നെൽകൃഷി ചെയ്യുന്ന കർഷകന് നാം ഭൂമി നൽകി, പാടത്തിറങ്ങി പ്രവർത്തിക്കുന്ന കർഷകത്തൊഴിലാളിക്ക് ഭൂമി നൽകുവാൻ നമുക്ക് കഴിയില്ല. "നമ്മളുകൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ" എന്ന മുദ്രാവാക്യമൊക്കെ മുഴക്കിയവരാണ് നമ്മൾ. പക്ഷേ അവർക്ക് ഭൂമി കൊടുക്കുവാൻ കഴിയുന്നില്ല. അത് കാണേണ്ടതുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടേയും മുസ്ലീം സമുദായത്തിൽ പ്പെട്ടവരേയും കാര്യങ്ങൾ അന്വേഷിക്കുവാനും അവ പരിഹരിക്കുവാനും മുസ്ലീംലീഗു മാത്രമേയുള്ളൂ, മറ്റാരുമില്ലായെന്നു പറഞ്ഞു. ഇൻഡ്യയിൽത്തന്നെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളും മുസ്ലീം സമുദായത്തിൽപ്പെട്ട ആളുകളും മനുഷ്യരെപ്പോലെ ജീവിക്കുകയും മണ്ണിന്റെ ഉടമകളായി മാറുകയും ചെയ്ത ഏക സംസ്ഥാനം കേരളമാണ്. അങ്ങനെ ഒരു സാഹചര്യം ഇവിടെ ഉണ്ടായത് 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റിന്റെ നേതൃത്വത്തിലാണ്. അതിനോടൊപ്പംതന്നെ പട്ടികജാതിക്കാരുടെ പേരു പറഞ്ഞുകൊണ്ട് ദളിത് കോൺഗ്രസ് എന്ന ഒരു സംഘടനയുണ്ടാക്കി. ആ സംഘടന പട്ടിക ജാതിക്കാരെ അംഗീകരിക്കുകയോ അവരുടെ വളർച്ചയ്ക്ക് സഹായം ഉണ്ടാക്കുകയോ ചെയ്യുന്നില്ല എന്നാണോ അങ്ങയുടെ അഭിപ്രായം.

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: അവരുടെ സാമ്പത്തിക വളർച്ചയ്ക്കുള്ള പരിപാടികൾ നമ്മൾ ആസൂത്രണം ചെയ്യാനുണ്ട് എന്നാണ് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അംഗം അർഹരായവർക്ക് പ്രാതിനിധ്യം കിട്ടാത്തതു സംബന്ധിച്ച് നന്നായി സംസാരിച്ചു. ഒകൊണ്ടുവരുമ്പോൾ പ്രതിപക്ഷ ബഞ്ചു കളിൽനിന്ന് പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ കാര്യം വളരെ താല്പര്യപൂർവ്വം പറയുക യാണ്. പക്ഷേ അവരുടെ പോളിറ്റ് ബ്യൂറോയിൽ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട ഒരാളെ പ്പോലും ഉൾപ്പെടുത്തിയിട്ടില്ലായെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: അതൊക്കെ ഇവിടെ എല്ലാപേർക്കും അറിയാവുന്നതാണ്. എനിക്ക് വളരെ വ്യക്തമായി പറയുവാനുള്ളത്, എസ്.സി./എസ്.റ്റി. വിഭാഗത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനും അവരുടെ സംവരണം ആരും തട്ടിമാറ്റാതിരിക്കുന്നതിനും വ്യക്തമായ നിയമവ്യവസ്ഥയുണ്ടാകണം. അതിനുവേണ്ടിയാണ് ഞാൻ ഈ ബിൽ കൊണ്ടുവന്നത്. ഈ ബില്ലിൽ പ്രധാനമായും മൂന്നു വകുപ്പുകളാണുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് ഇന്ന് അവസാനിപ്പിക്കുന്നുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: ഇല്ല. കുറേ പറയുവാനുണ്ട്. റിസർവേഷനുവേണ്ടി തസ്തികകൾ നീക്കിവയ്ക്കുന്ന വ്യവസ്ഥയാണ് ഒരു വ്യവസ്ഥ. രണ്ടാമത്, റിസർവേഷനു വേണ്ടി നീക്കിവച്ച തസ്തികകൾ അൺഫീൽഡായി കിടക്കുകയാണെങ്കിൽ അതിന് ആൾട്ടർനേറ്റീവ് റിക്രൂട്ട്മെന്റ് നടത്തണം. സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നത് തെറ്റിദ്ധാരണ ഉണ്ടാക്കുന്നുണ്ട്. ആർക്കെങ്കിലും ഒരു പ്രത്യേക ആനുകൂല്യം നൽകുന്നതാണ് എന്ന രീതിയിലുള്ള തെറ്റിദ്ധാരണയുണ്ടാകുന്നുണ്ട്. ആ വ്യവസ്ഥയ്ക്കു പകരം ആൾട്ടർനേറ്റീവായിട്ട് നഷ്ടപ്പെട്ടത് തിരിച്ചു കൊടുക്കുവാനായിട്ടുള്ള ഒരു നിയമവ്യവസ്ഥയുണ്ടാകണം. ബോധപൂർവ്വം സംവരണം അട്ടിമറിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ ഒരു വ്യവസ്ഥയുണ്ട്. ഇതു മൂന്നുമാണ് ഈ ബില്ലിൽ പ്രധാനമായുമുള്ളത്. സംവരണമെന്നത് ആരുടെയും ഔദാര്യമല്ല. ഇതു ഭരണഘടനാപരമായ അവകാശമാണ്. ഈ അവകാശത്തിലേയ്ക്ക് എത്തിച്ചേർന്നത്, അടിച്ചമർത്തപ്പെട്ടവർ, ഭരണത്തിൽനിന്ന് ആട്ടി അകറ്റപ്പെട്ടവർ നൂറ്റാണ്ടുകളായി അസമത്വത്തിന്റെയും ഉച്ചനീചത്വത്തിന്റെയും ഏറ്റവും തീഷ്ണമായ ഫലങ്ങൾ അനുഭവിച്ചവർ നിരന്തരമായി നടത്തിയ സമരങ്ങളുടെ ഫലം ഇവിടെയുള്ള നവോത്ഥാന നായകന്മാർ കേരള ശ്രീനാരായണ പ്രസ്ഥാനം, സീതിസാഹിബിനെപ്പോലുള്ള നവോത്ഥാന ചിന്തകർ അതുപോലെ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം, കോൺഗ്രസ്സിന്റെ നേതാക്കന്മാരുടെ പ്രവർത്തനം, സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനം ഈ പ്രവർത്തനങ്ങളൊക്കെക്കൊണ്ടാണ് സംവരണ വ്യവസ്ഥ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്.

സർ, അഖിലേന്ത്യാ തലത്തിൽത്തന്നെ ഡോ. അംബേദ്കറെ നമുക്ക് മറക്കാൻ കഴിയില്ല. കോൺഗ്രസ്സിൽ 1917-ൽ പാസ്സാക്കിയ പ്രമേയം, ആനിബസന്റിന്റെ നേതൃത്വത്തിൽ 1895-ൽ, മഹാത്മജിയുടെ ഈ രംഗത്തെ മുന്നേറ്റം ഇതൊക്കെകൊണ്ടാണ് ഭരണഘടനയിലെങ്കിലും ഇങ്ങനെയൊരു വ്യവസ്ഥ വന്നത്. ഇത്.....

ശ്രീ. എ. കെ. ബാലൻ: ഒരു പ്രധാനപ്പെട്ട കാര്യം, പിന്നോക്ക വിഭാഗത്തിൽ പ്രധാനമായും മുസ്ലീം ന്യൂനപക്ഷത്തിൽ ഏതാണ്ട് 12,500-ാളം സീറ്റ് വേക്കന്റായിട്ട് നിൽക്കുകയാണെന്ന് ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. അതിൽത്തന്നെ അദ്ദേഹം പറഞ്ഞ ഒരു കാര്യമുണ്ട്. അവിടെയാണ് ശ്രദ്ധിക്കേണ്ടത്. മുസ്ലീം കമ്മ്യൂണിറ്റിയിൽ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയെക്കുറിച്ച് പറഞ്ഞു. കാട്ട ഫിൽ ചെയ്യാൻ കഴിയാത്തത് മുസ്ലീം ജനവിഭാഗത്തിൽ പ്രത്യേകിച്ച്, മുസ്ലീം സ്ത്രീകളിൽ വിദ്യാഭ്യാസം ലഭിക്കുന്നില്ല. നിങ്ങളുടെ മുസ്ലീം മതത്തിന്റെ ഒരു ഫണ്ടമെന്റൽ സ്വഭാവമാണ് ഇതിന് തടസ്സമായി നിൽക്കുന്നത്. അക്കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മറ്റൊന്ന്, ബഹുഭാര്യാത്വം, അതും ഒരു തടസ്സമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: ഈ ബില്ലിന്റെ ചർച്ച അടുത്ത തവണ തുടരാം. ഇന്ന് അവസാനിപ്പിക്കുകയാണ്.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly